പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: **2471** 13.02.2013-ൽ മറുപടിക്ക്

<u>പ്രവർത്തന രഹിതമായ പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടി</u>

**ചോദ്യം**

ശ്രീ. കെ.മുരളീധരൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. പി.സി.വിഷ്ണുനാഥ്
ശ്രീ. പാലോട് രവി

**(എ)** വർഷങ്ങളായി പ്രവർത്തനരഹിതമായ പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനും ലാഭകരമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

**(ബി)** ഇത് സാദ്ധ്യമാകാത്ത സാഹചര്യമുണ്ടെങ്കിൽ അവയുടെ സ്ഥലങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വ്യവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

**(സി)** ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

<u>**(എ) , (ബി) & (സി)**</u>

വ്യവസായവകുപ്പിന്റെ അധീനതയിൽ പ്രവർത്തനം നിലച്ചുകിടക്കുന്ന സ്ഥാപനങ്ങളുടെ ആസ്തികൾ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

- പ്രവർത്തനം നിലച്ചിരുന്ന Keltron Counters Ltd-ന്റെ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി ഹോൾഡിംഗ് കമ്പനിയായ Kerala State Electronics Dev.Corporation Ltd (KSEDC) നെ ചുമതലപ്പെടുത്തി. ബാക്കിയുള്ള 35 ജീവനക്കാരെ കെൽട്രോണിന്റെ യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. Keltron Counters Ltdന്റെ സ്ഥലവും സൗകര്യങ്ങളും Gulati Institute of Finance & Taxation (GIFT) എന്ന സർക്കാർ സ്ഥാപനത്തിന് കൈമാറി..
- കൂടാതെ പ്രവർത്തനം നിലച്ചിരുന്ന Keltron Power Devices Ltd ഉം Keltron Rectifiers Ltd ഉം അവയുടെ എല്ലാ ആസ്തികളും ബാദ്ധ്യതകളും ഉൾപ്പെടെ വികസനപ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ KSEDC

ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

- Kerala State Detergents & Chemicals Ltd എന്നീ സ്ഥാപനങ്ങളുടെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA-യെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുവേണ്ടി KINFRA യിലെ തന്നെ ഒരുദ്യോഗസ്ഥനെ ഇതിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.
- കാസറഗോഡ് ജില്ലയിലെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള Astral Watches Ltd-ലെ എല്ലാ ജീവനക്കാരും SSNP പ്രകാരം പിരിഞ്ഞുപോകുകയും കമ്പനിയുടെ ചുമതല KSIDC-യെ ഏൽപ്പിച്ചിരിക്കുകയുമാണ്. ഈ സ്ഥാപനത്തിലെ സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്.
- Kerala Garments Ltd – ന്റെ ആസ്തികളും ബാധ്യതകളും കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന് കൈമാറാൻ തീരുമാന മായിട്ടുണ്ട്.
- Kerala Special Refractories Ltd ന്റെ സ്ഥലങ്ങൾ Co-operative Academy of Professional Education (CAPE) നും National Coir Research & Management Institute (erstwhile C-Doct) നും കൈമാറിയിട്ടുണ്ട്. ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- പ്രവർത്തനം നിലച്ച Sidkel Television Ltd-നെ ലിക്വിഡേറ്റ് ചെയ്യുന്നതിനായി SIDCO-യും KELTRON-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇത് കൂടാതെ സംസ്ഥാനത്ത് വ്യവസായ വകുപ്പിൻെറ അധീനതയിൽ ലിക്വിഡേറ്റ് ചെയ്ത കമ്പനി രജിസ്ട്രാറുടെ ലിസ്റ്റിൽ നിന്നും പേര് നീക്കം ചെയ്ത സ്ഥാപനങ്ങളുടെയും അവയുടെ ആസ്തികളുടെ കാര്യത്തിൽ സ്വീകരിക്കുകയും ചെയ്ത നടപടികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

A jith

സെക്ഷൻ ഓഫീസർ

അനു[illegible] ലഭ്യമാണ്